"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി ദിവ്യാ വേലായുധന് ഓവർസീയർ ഗ്രേഡ് III ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1158/2021/ത.സ്വ.ഭ.വ          തീയതി,തിരുവനന്തപുരം, 16/06/2021

---

പരാമർശം:- 1 28.06.2000ലെ 5966/Adv.C3/2000/P&ARDനമ്പർ സർക്കുലർ

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.02.2021ലെ ഇ6-6400/2008/സി.ഇ/തസ്വഭവ(2) നമ്പർ നടപടിക്രമം.

3 ശ്രീമതി ദിവ്യ വേലായുധൻ സമർപ്പിച്ച 12.03.2021 ലെ അപേക്ഷ.

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.04.2021ലെ ഇ6-6400/2008/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.04.2021ലെ ഇ3-6400/2008/സി.ഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസീയർ ഗ്രേഡ് III ആയി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് പരാമർശം 2 പ്രകാരം കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീമതി ദിവ്യ വേലായുധൻ ഇപ്പോൾ പട്ടികജാതി വികസന വകുപ്പിന് കീഴിൽ വരുന്ന 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി(ICSETS)' നടത്തുന്ന Lakshya Scholarship Programme(Civil Service Examination 2020-21) ചെയ്തുകൊണ്ടിരിക്കുകയാണെന്നും ആയതിനാൽ പ്രസ്തുത കോഴ്സ് പൂർത്തീകരിക്കുന്നതിനായി സർവീസിൽ പ്രവേശിക്കുന്നതിന് 30.06.2021 വരെ സമയം നീട്ടി നൽകണമെന്നും പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകയ്ക്ക് പരാമർശം 4 പ്രകാരം 11.04.2021 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർ ന്ന് 30.06.2021 വരെ സമയപരിധി നീട്ടുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം നിലവിലുള്ള വ്യവസ്ഥകളുടെ വെളിച്ചത്തിൽ ശ്രീമതി ദിവ്യ വേലായുധന്, KS&SSRഭാഗം-II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി കണക്കാക്കുകയുള്ളു എന്ന വ്യവസ്ഥയിൽ സർവീസിൽ പ്രവേശിക്കുന്നതിന് 30.06.2021 വരെ സമയ ദൈർഘ്യം അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ 01.07.2021 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ശ്രീമതി ദിവ്യ വേലായുധൻ, മകയിരം, കൈപ്പുഴ, കുളനട പി.ഒ., പത്തനംതിട്ട- 689 503 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 18-06-2021 12:47:55
Reason: Approved

സെക്ഷൻ ഓഫീസർ